II ഇ.ബി. XIV-കേരള നിയമസഭ /II-2

# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2016 സെപ്റ്റംബർ 27, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസ മേഖലയിലെ ഫീസ് വർദ്ധന പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ബാനറുകളും പ്ലക്കാർഡുകളും പിടിച്ചുകൊണ്ട് എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിച്ച് ബഹളം വച്ചുകൊണ്ടിരുന്ന പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശമനുസരിച്ച് നിശബ്ദരാകുകയും സ്വസ്ഥാനങ്ങളിൽ ഉപവിഷ്ടരാകുകയും ചെയ്തു.)

4 (*31,*38 &*50) കിഫ്ബി

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) നൽകിയ മറുപടിയിൽ, 1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ആക്ട് (2000-ലെ 4), 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി (ഭേദഗതി) ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്ത് കിഫ്ബി പ്രവർത്തനമാരംഭിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സ്റ്റാറ്റ്യൂട്ടറി ബോഡി ആയതിനാൽ കിഫ് ആക്ട് പ്രകാരം രൂപീകൃതമായിട്ടുള്ള കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധിയിലേയ്ക്കാണ് കിഫ്ബിയുടെ എല്ലാവിധ ധനവും സമാഹരിക്കുന്നതെന്നും 2015-16 വർഷത്തെ ബഡ്ജറ്റിൽ വൻകിട വികസന പദ്ധതികളുടെ നടപ്പാക്കലിനായി ഉൾപ്പെടുത്തിയിരുന്ന 2,000 കോടി രൂപയിൽ അവശേഷിച്ച 873.85 കോടി രൂപ കിഫ്ബിയുടെ പ്രവർത്തനത്തിനുള്ള ആദ്യപടി എന്ന നിലയിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിലെ സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. 2-ാം മാന്ദ്യവിരുദ്ധ പാക്കേജ് പ്രകാരം വിവിധ വകുപ്പുകൾ സമർപ്പിച്ചിട്ടുള്ള പദ്ധതികൾക്ക് കിഫ് ബോർഡ് ശിപാർശ ചെയ്യുന്ന മുറയ്ക്ക് സാമ്പത്തിക സഹായം നൽകുമെന്നും 100 കോടി രൂപയ്ക്കുമേൽ ചെലവുവരുന്ന

വിവിധ മേഖലയിലുള്ള അടിസ്ഥാനസൗകര്യ പദ്ധതികളാണ് കിഫ്ബിയുടെ സാമ്പത്തിക സഹായംവഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെങ്കിലും ഗവൺമെന്റ് അംഗീകാരത്തോടെ ലഭിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾ ബോർഡിന്റെ അംഗീകാരത്തിന് വിധേയമായി പരിഗണിക്കുമെന്നും മന്ത്രി അറിയിച്ചു. മുൻ ആക്ടിൽ പരിഗണനയിലില്ലാതിരുന്ന പാലങ്ങൾ, വൻകിട കെട്ടിട സമുച്ചയങ്ങൾ, റെയിൽവേ, വിവര സാങ്കേതിക വിദ്യ, കൃഷി, വ്യവസായം, നഗര-ഗ്രാമ വികസനം മുതലായ മേഖലകൾകൂടി ഉൾപ്പെടുത്തിയാണ് നിയമഭേദഗതി ചെയ്തിട്ടുള്ളത്. ഫണ്ട് നിഷ്ക്രിയമാകാതെ ഉദ്ദേശിച്ച പദ്ധതികൾക്കുതന്നെ ചെലവാക്കുന്നു എന്ന് ഉറപ്പുവരുത്താനും ബാക്കിവരുന്ന തുക ക്രിയാത്മകമായി നിക്ഷേപിക്കാനും സ്വതന്ത്ര-വിദഗ്ധതല സംവിധാനവും നിക്ഷേപങ്ങൾക്ക് സർക്കാർ ഗ്യാരന്റിയും സർക്കാർ പദ്ധതികൾക്കൊപ്പം PPP മാതൃകയിലുള്ള പദ്ധതികളും വ്യവസ്ഥ ചെയ്യുന്നു. മോട്ടോർ വാഹന നികുതി/ ഇന്ധന സെസ്സ് വിഹിതം നിയമപരമായി മൂലധനനിധിയിലേയ്ക്ക് ഉറപ്പാക്കുന്നതായും ലാന്റ് ബോണ്ട് മുഖേന പദ്ധതികൾക്കാവശ്യമായ സ്ഥലമെടുപ്പ് പ്രക്രിയ ത്വരിതപ്പെടുത്തുന്നതായും എൻ.ആർ.ഐ. കളിൽ നിന്ന് ധനസമാഹരണം നടത്താനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നതായും

മന്ത്രി വ്യക്തമാക്കി. നാഷണൽ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റ് ഏജൻസിയിൽനിന്ന് 5000 കോടി രൂപ വായ്പയെടുക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരുന്നു. കിഫ്ബി വഴി സമാഹരിക്കുന്ന പണം അംഗീകൃത ദേശസാൽകൃത ബാങ്കിലോ അതുപോലെയുള്ള ഏജൻസിയിലോ നിക്ഷേപിക്കാൻ തീരുമാനിച്ചിരിക്കുന്നതായും മന്ത്രി സഭയെ അറിയിച്ചു. വാട്ടർ അതോറിറ്റിയുടെ കാലഹരണപ്പെട്ട പമ്പുകളും പൈപ്പുകളും പുന:സ്ഥാപിക്കുന്നതിനും പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിനും മുൻഗണന നൽകിയിട്ടുണ്ട്. 20,000 കോടി രൂപയുടെ ധനസമാഹരണമാണ് ലക്ഷ്യമിടുന്നതെന്നും ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ വഴി വിവിധ പദ്ധതികൾക്കായി പണം സമാഹരിക്കാനും കാലാവധി തീരുന്ന മുറയ്ക്ക് സർക്കാർ ഉറപ്പുനൽകിയിരിക്കുന്ന വരുമാനത്തിൽനിന്ന് തിരിച്ചടവിനുള്ള പണം കണ്ടെത്താൻ കഴിയുന്നതാണെന്നും മന്ത്രി വ്യക്തമാക്കുന്നു. 5,000 കോടി രൂപയാണ് ഭൂമി ഏറ്റെടുക്കലിനായി മാറ്റിവച്ചിരിക്കുന്നത്, അതാത് വകുപ്പുകൾ നടപടിക്രമങ്ങൾ പൂർത്തിയാക്കി സ്ഥലം ഏറ്റെടുക്കുമ്പോൾ ഉടമസ്ഥർക്ക് ലാൻഡ് ബോണ്ടുകൾ വഴിയോ, പണമായോ വില നൽകുന്നതാണ്. കെ.എസ്.എഫ്.ഇ.-ക്ക് വിദേശ ചിട്ടികൾ നടത്താൻ അനുവാദം

നൽകിയതിലൂടെ ഒരു ലക്ഷം വിദേശ മലയാളികളെയെങ്കിലും ചിട്ടിയിൽ ചേർക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പൊഴിയൂരിലെ ജലസേചന പദ്ധതിയെ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കുമെന്നും റൈസ് പാർക്കിന് അടിസ്ഥാന സൗകര്യമൊരുക്കുന്നതിന് കിഫ്ബി സാമ്പത്തിക സഹായം നൽകുമെന്നും ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടേ പുതിയ പദ്ധതികളിലേയ്ക്ക് പോകുകയുള്ളുവെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് കേന്ദ്ര നിയമം വന്നതിനെത്തുടർന്ന് നേരത്തേ നിശ്ചയിച്ച ഭൂമി ഏറ്റെടുക്കൽ നടപടികൾ കൂടിയാലോചനകളിലൂടെ ത്വരിതപ്പെടുത്തുന്നതിനും ഇതുവരെയുണ്ടായിരുന്ന തടസ്സങ്ങൾ നീക്കുന്നതിനുള്ള സംവിധാനങ്ങളുണ്ടാക്കാനുമാണ് ശ്രമിക്കുന്നതെന്ന് റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രിയും കാലിക്കട്ട് എയർപോർട്ടിനുവേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ സാധാരണ ഭൂമി വിലയേ നൽകുകയുള്ളൂവെന്ന് മുഖ്യമന്ത്രിയും ഉപചോദ്യങ്ങളിലിടപെട്ടുകൊണ്ട് സഭയെ അറിയിച്ചു.

5 (*32) ഖനന പ്രവർത്തനങ്ങൾ

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ.പി. ജയരാജൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ എല്ലാ ഖനന പ്രവർത്തനങ്ങൾക്കും പാരിസ്ഥിതികാനുമതി നിർബന്ധമാക്കി സുപ്രീം കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും പാരിസ്ഥിതികാനുമതി ലഭിക്കുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനായി സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിക്ക് പ്രത്യേക സെക്രട്ടേറിയറ്റും ജില്ലാ അതോറിറ്റികളും രൂപീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ വിവിധ നോട്ടിഫിക്കേഷനുകൾ പ്രകാരം അഞ്ചോ അഞ്ചിൽ കുറവോ ഹെക്ടർ വിസ്തീർണ്ണം വരുന്ന ഭൂമിയിൽ ചെറുകിട ധാതുക്കൾ ഖനനം ചെയ്യുന്നതിന് ജില്ലാതല അതോറിറ്റികൾ മുഖേന പാരിസ്ഥിതികാനുമതി നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. അതോറിറ്റികളുടെ രൂപീകരണാർത്ഥം വിജ്ഞാപനം പുറപ്പെടുവിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ ജില്ലാകളക്ടർമാരെ അറിയിച്ചിട്ടുണ്ടെന്നും ജില്ലാ അതോറിറ്റികളുടെയും വിദഗ്ദ്ധ സമിതികളുടെയും പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ നിബന്ധന പ്രകാരം ജില്ലാതല ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. റിസർവ്വോയറുകൾ, അണക്കെട്ടുകൾ,

കനാലുകൾ എന്നിവ ഡ്രഡ്ജ് ചെയ്യുന്നതിന് പാരിസ്ഥിതികാനുമതി ആവശ്യമില്ലെന്നും വ്യവസായ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളെ ഉപയോഗപ്പെടുത്തി മണൽ സംഭരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും 3493 ക്വാറികളും 1316 ക്രഷർ യൂണിറ്റുകളും പ്രവർത്തിക്കുന്നതിനാൽ പാരിസ്ഥിതിക സൗഹൃദ അന്തരീക്ഷം നിലനിർത്തിക്കൊണ്ട് ഖനനം ചെയ്യാനുള്ള നടപടികൾക്ക് സംരക്ഷണം കൊടുക്കണമെന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നും ഒരു എക്സ്പെർട്ട് കമ്മിറ്റിയുടെ നേതൃത്വത്തിൽ ആവശ്യമായ പരിശോധനകൾക്ക് ശേഷമാണ് പാരിസ്ഥിതികാനുമതി നൽകുന്നതെന്നും മന്ത്രി വ്യക്തമാക്കി. കളിമൺ അധിഷ്ഠിത വ്യവസായം സംരക്ഷിക്കുന്നതിനും ആവശ്യമായ മെറ്റീരിയൽ ലഭ്യമാക്കുന്നതിനുമുള്ള സാധ്യതകൾ ആരായാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും കളിമൺ ഖനനശേഷം ആ പ്രദേശം നികത്തി പച്ചക്കറി കൃഷി ചെയ്യാൻ കഴിയത്തക്ക നിലയിൽ ഫാമുകളായി വിപുലീകരിക്കാനും കാലോചിതമായി ഉപയോഗപ്പെടുത്താനുള്ള പുതിയ പദ്ധതികൾക്ക് രൂപംകൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും കേന്ദ്രനിയമത്തിന്റെ അടിസ്ഥാനത്തിൽ ഖനനം നടത്താൻ ആവശ്യമായ ലൈസൻസുകൾ വേഗത്തിൽ ലഭ്യമാക്കുന്നതിനുവേണ്ടി ഓരോ ഡിപ്പാർട്ടുമെന്റിനേയും പ്രാപ്തമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും നിയമവിരുദ്ധമായി

പ്രവർത്തിക്കുന്ന ക്വാറികൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 282 മുതൽ 505 വരെയുള്ള ചോദ്യങ്ങളിൽ 168 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)